(സി) ഇതിന്റെ നിർമ്മാണത്തിന് വകുപ്പ് തലത്തിൽ എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ഡി) സമയബന്ധിതമായി തണത്തറ പാലം നിർമ്മാണത്തിനുള്ള നടപടികൾ നടപ്പിൽ വരുത്തുമോ ?

ഉത്തരം

(എ) ഉണ്ട്

(ബി) തണത്തറ പാലം നിർമ്മാണത്തിന് 14-8-2009 ലെ സർക്കാർ ഉത്തരവ് പ്രകാരം 250 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഡിസൈൻ തയ്യാറാക്കുന്നതിന് മുന്നോടിയായി പ്രാരംഭ ഇൻവെസ്റ്റിഗേഷൻ നടത്തി കഴിഞ്ഞു. ഡിസൈൻ തയ്യാറാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) തടസ്സങ്ങളൊന്നും റിപ്പോർട്ട് ചെയ്തിട്ടില്ല. നിലവിലുള്ള പാലത്തിന്റെ വശത്തുള്ള പൈപ്പ്ലൈൻ മാറ്റി സ്ഥാപിച്ച് പാലം പൊളിച്ചശേഷം പുതിയ പാലം രണ്ടുവരി ഗതാഗതത്തിന് അനുയോജ്യമായ വിധത്തിൽ നിർമ്മിക്കുന്നതിനാണ് ആസൂത്രണം ചെയ്തിരിക്കുന്നത്.

(ഡി) നടപടികൾ സ്വീകരിച്ചു വരികയാണ്.

താനൂർ നിയോജകമണ്ഡലത്തിലെ മത്തപ്പാട് പാലം

177 (2277) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) താനൂർ നിയോജക മണ്ഡലത്തിലെ മത്തപ്പാട് പാലം 1,30,28,161 രൂപയിൽപരം ചെലവ് ചെയ്ത് പൂർത്തീകരിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത പാലം നിർമ്മാണം സംബന്ധിച്ച് കോടതികളിൽ കേസുകൾ എന്തെങ്കിലും നിലനിൽക്കുന്നുണ്ടോ ;

(സി) വേങ്ങര ഭാഗത്തെ അപ്രോച്ച് റോഡിനു സ്ഥലം തന്ന വ്യക്തികൾ സമ്മതപത്രം ഒപ്പിട്ടു തന്നിട്ടുണ്ടോ ;

(ഡി) അവർക്ക് നൽകാനുള്ള തുകയ്ക്കുള്ള അവാർഡ് നേരത്തെ സർക്കാർ പാസ്സാക്കിയത് പിന്നീട് കാലഹരണപ്പെടുകയുണ്ടായോ ;

(ഇ) ഇപ്പോൾ കാലഹരണപ്പെട്ട ഉത്തരവ് ജി.ഒ. (ആർ.ടി) 1396/2010/പി.ഡബ്ല്യു.ഡി. എന്ന സർക്കാർ ഉത്തരവ് പ്രകാരം പുനഃസ്ഥാപിക്കുക ഉണ്ടായോ ;

(എഫ്) കൺസ്ട്രക്ഷൻ കോർപ്പറേഷനാണോ ഇതിന്റെ പ്രവൃത്തി ഏറ്റെടുത്തിരിക്കുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly

(ജി) എങ്കിൽ ഒരു മന്ത്രിതല യോഗം വിളിച്ച് നടപടിക്രമങ്ങൾ പൂർത്തീകരിച്ച് അടുത്ത മാസം തന്നെ പാലം ജനങ്ങൾക്ക് തുറന്നു കൊടുക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പാലത്തിന്റെ പണി പൂർത്തിയായിട്ടുണ്ട് അപ്രോച്ച് റോഡിന്റെ പണി പൂർത്തീകരിക്കേണ്ടതുണ്ട്.

(ബി) ഉണ്ട്

(സി) ഇല്ല

(ഡി) കാലഹരണപ്പെടുകയുണ്ടായി

(ഇ) പുനഃസ്ഥാപിക്കുകയുണ്ടായി.

(എഫ്) അതെ

(ജി) സ്ഥലം ലഭ്യമാക്കി അപ്രോച്ച് റോഡിന്റെ പണി പൂർത്തീകരിച്ച് പാലം ഗതാഗതത്തിന് തുറന്നു കൊടുക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുന്നതാണ്.

തെക്കാട്ടുശ്ശേരി നേമംകടവ് പാലം നിർമ്മാണം

178 (2278) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) ചേർത്തല മണ്ഡലത്തിലെ തെക്കാട്ടുശ്ശേരി നേമംകടവ് പാലം നിർമ്മാണം ഏതു ഘട്ടം വരെയായി എന്ന് വ്യക്തമാക്കുമോ ; എത്ര മാസം കൊണ്ട് ഇതിന്റെ നിർമ്മാണം പൂർത്തീകരിക്കാനാകും എന്നു പറയാമോ ;

(ബി) ചേർത്തല നെടുമ്പ്രക്കാട്-നിളക്കുമരം പാലത്തിന്റെ തടസ്സങ്ങൾ എന്താണെന്ന് വ്യക്തമാക്കുമോ ; ഇതിന്റെ നിർമ്മാണം അടിയന്തരമായി ആരംഭിക്കുന്നതിന് നടപടികൾ ത്വരിതപ്പെടുത്തുമോ ?

ഉത്തരം

(എ) പാലം നിർമ്മാണത്തിനാവശ്യമായ ഭൂമി ഏറ്റെടുത്ത് പൊതുമരാമത്ത് വകുപ്പിന് കൈമാറുന്നതിനായുള്ള അർത്ഥനാപത്രം ജില്ലാകളക്ടർക്ക് നല്കിയിട്ടുണ്ട്. ഭൂമി ലഭ്യമായ ശേഷം ഡീറ്റെയിൽസ് എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ ക്ഷണിക്കുന്നതാണ്. ടെണ്ടർ നടപടികൾ പൂർത്തിയായ ശേഷമേ പണി എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാവുമെന്ന് പറയാൻ കഴിയുകയുള്ളു.

(ബി) ഭൂമി ഏറ്റെടുക്കുന്നതിനുള്ള കാലതാമസമാണ് നിലവിലുള്ള തടസ്സം. ഭൂമി കിട്ടിയാലുടൻ തന്നെ ടെണ്ടർ നടപടികൾ ആരംഭിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly